**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1137** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ശിവാ പാർക്ക് -അരുവിക്കര</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** അരുവിക്കര ഡാമിനോടനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന ശിവാ പാർക്കിന്റെ നിലവിലെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** അരുവിക്കര ഡാമിനോട് അനുബന്ധിച്ച് സ്ഥിതി ചെയ്യുന്ന ശിവ പാർക്കിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**(ബി)** നിരവധി വിനോദസഞ്ചാരികൾ ദിനംപ്രതി എത്തിച്ചേരുന്ന ഈ പാർക്കിന്റെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട ഫയലിന്റെ നിലവിലെ സ്ഥിതി പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ നവീകരിക്കുകയും സന്ദർശകർക്കായി കൂടുതൽ ആകർഷകമാക്കുകയും ചെയ്യുന്നതിനായി, കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള പാർക്കിന്റെ പുനരുദ്ധാരണ പ്രവൃത്തികൾക്കായി കേരള സ്റ്റേറ്റ് നിർമ്മിതി കേന്ദ്രം മുഖേന ₹99,29,207/- രൂപയുടെ DPR ടൂറിസം വകുപ്പിൽ ലഭ്യമാക്കിയിരുന്നു.

എന്നാൽ, മുൻ സാമ്പത്തിക വർഷത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിക്കുന്ന ശീർഷകത്തിൽ ആവശ്യമായ ഫണ്ട് ലഭ്യമല്ലാതിരുന്നതിനാൽ DPR-ന് ഭരണാനുമതി നൽകാൻ സാധിച്ചിരുന്നില്ല. 2026-27 സാമ്പത്തിക വർഷത്തിൽ ബന്ധപ്പെട്ട ശീർഷകത്തിലെ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പദ്ധതിയുടെ ഭരണാനുമതി സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**